**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്റ്റ് കമ്മിറ്റി XI

**(2011-2013)**

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ
ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികൾ സംബന്ധിച്ച ആക്ഷൻ
ടേക്കൺ റിപ്പോർട്ട്

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]**

2013 ജൂലൈ 9-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

**സബ്ജക്റ്റ് കമ്മിറ്റി XI**

**(2011-2013)**

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ
ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികൾ സംബന്ധിച്ച ആക്ഷൻ
ടേക്കൺ റിപ്പോർട്ട്

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]**

1019/2013.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി XI

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

(2011-2013)

### ഘടന

ചെയർമാൻ

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി.

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

അംഗങ്ങൾ

ശ്രീമതി ഗീതാ ഗോപി

ഡോ. എൻ. ജയരാജ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ലൂഡി ലൂയിസ്

,, കെ. കെ. നാരായണൻ

,, ആർ. സെൽവരാജ്

,, ജി. സുധാകരൻ

,, വി. എം. ഉമ്മർ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

,, ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

,, സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

## അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റി XI-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ഭാഗം I-ൽ സമിതി പരിഗണിച്ച നടപടി സ്റ്റേറ്റ്മെന്റുകളും ബന്ധപ്പെട്ട ശുപാർശകളും ഭാഗം II-ൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ശുപാർശകളുടെ വിവരങ്ങളും സമിതിയുടെ നിഗമനങ്ങളും ശുപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2013 ജൂലൈ 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

അനൂപ് ജേക്കബ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XI.*

തിരുവനന്തപുരം,
2013 ജൂലൈ 8.

# റിപ്പോർട്ട്

## ഭാഗം I

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ഉൾപ്പെടുത്തി സമർപ്പിച്ച മറുപടികളിൽ സമിതിയുടെ അംഗീകാരം ലഭിച്ചവ താഴെ ചേർത്തിരിക്കുന്നു :

### ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

(ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം എന്നതിന്റെ 12,00,00,000 രൂപ ഉൾപ്പെടെ)

2425-00-107-80—പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം

4425-00-107-89—പ്രാഥമിക കാർഷിക സംഘങ്ങൾക്ക് ഓഹരി മൂലധനം

6425-00-107-72—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

#### ശുപാർശ (ഖണ്ഡിക നമ്പർ 1)

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം വിവിധ വിഭാഗങ്ങളിലുള്ള വായ്പക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിനുള്ള പരിധി ഉയർത്തുന്നതിനും വായ്പയുടെ പിഴപ്പലിശ ഒഴിവാക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 2012-13 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള 12 കോടി രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിവിധ പദ്ധതികളിലായി ധനസഹായം നൽകുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് റിസ്ക് ഫണ്ട് പദ്ധതിയുടെ കോർപ്പസ് ഫണ്ടിലേക്ക് 5 കോടി രൂപ അനുവദിക്കുന്നതിന് 30-3-2013-ലെ ജി.ഒ. (ആർറ്റി.) നമ്പർ 335/13/കോ-ഓപ്പ്. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും, ധനകാര്യവകുപ്പിന്റെ ഭാഗത്തുനിന്നും അനുകൂല നടപടി ഉണ്ടാകാത്തതിനാൽ തുക അനുവദിക്കാൻ സാധിച്ചില്ല.

## ശുപാർശ (ഖണ്ഡിക നമ്പർ 2)

എംപ്ലോയീസ് സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമിനത്തിൽ സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടായിരുന്നുവെങ്കിലും 2012-13 വർഷത്തിൽ അത് ഉൾപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു. പ്രസ്തുത പദ്ധതികൂടി 2012-13 വർഷത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2012-13 വർഷത്തെ ബഡ്ജറ്റിന്റെ മലയാള പരിഭാഷയിൽ ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനസഹായം നൽകുന്നതിനുള്ള പദ്ധതി ഉൾപ്പെടുത്തിയിരുന്നില്ല. ഇംഗ്ലീഷ് പരിഭാഷയിൽ ടി പദ്ധതി ഉൾപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2012-13 വർഷം ടി സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

## ശുപാർശ (ഖണ്ഡിക നമ്പർ 3)

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി 2012-13 വർഷത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്ന പദ്ധതി 2012-13-ൽ പ്രവൃത്തിപഥത്തിലെത്തിയില്ലെങ്കിലും 2013-14 വർഷത്തിലെ പദ്ധതി ഇനങ്ങളിൽക്കൂടി ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

2425-00-108-49—ഉപഭോക്തൃ സഹകരണസംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം

4425-00-108-45—ഉപഭോക്തൃ സഹകരണസംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം

6425-00-108-22—ഉപഭോക്തൃ സഹകരണസംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം

## ശുപാർശ (ഖണ്ഡിക നമ്പർ 4)

ഉപഭോക്തൃ സഹകരണസംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമുള്ള ധനസഹായമായി 1.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നന്മ പദ്ധതിയുടെ ഭാഗമായി 2000 സഹകരണ വിപണന കേന്ദ്രങ്ങൾ, കൂടുതൽ ത്രിവേണി സ്റ്റോറുകൾ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ എന്നിവയും കൺസ്യൂമർ ഫെഡിന്റെയും സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയും ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ 2 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നന്മ പദ്ധതിയുടെ ഭാഗമായി നിലവിൽ 1921 സഹകരണ വിപണന കേന്ദ്ര ങ്ങളും, ത്രിവേണി സ്റ്റോറുകൾ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ എന്നിവയും കൺസ്യൂമർ ഫെഡിന്റെയും സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ 925 നീതി സ്റ്റോറുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ കൺസ്യൂമർ ഫെഡും, പ്രാഥമിക സഹകരണ സംഘങ്ങളും സ്വീകരിച്ചുവരികയാണ്. ടി സ്റ്റോറുകളുടെയും, മാർക്കറ്റുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 2013-14 വർഷം 1.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2425-00-108-67—മറ്റു സഹകരണ സംഘങ്ങൾക്കുള്ള സഹായം

4425-00-108-68—മറ്റു വിഭാഗത്തിൽപ്പെടുന്ന പലവക സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം

6425-00-108-11—മറ്റു സഹകരണ സംഘങ്ങൾക്കുള്ള സഹായം

ശുപാർശ (ഖണ്ഡിക നമ്പർ 5)

വിദ്യാഭ്യാസം, സാഹിത്യം, തൊഴിൽ, ചികിത്സ, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലെ സഹകരണ സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും സഹായം നൽകുന്നതിനും ദുർബലമായ മാർക്കറ്റിംഗ്, വനിതാ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുമായി അനുവദിച്ചിട്ടുള്ള 11 കോടി രൂപ അപര്യാപ്തമായതിനാൽ 8.30 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിദ്യാഭ്യാസം, തൊഴിൽ, ചികിത്സ, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സംസ്ഥാന പദ്ധതി ധനസഹായങ്ങൾക്ക് പുറമേ, എൻ.സി.ഡി.സി. സഹായത്തോടെ 2012-13 സാമ്പത്തികവർഷം 1292.80 ലക്ഷം രൂപ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

2425-00-108-60—വൻതോതിലുള്ള വാണിജ്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായം

4425-00-108-50—വൻതോതിലുള്ള വാണിജ്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായം

6425-00-108-28—വൻതോതിലുള്ള വാണിജ്യ പ്രവർത്തനങ്ങൾക്ക് സഹകരണ സംഘങ്ങൾക്കുള്ള സഹായം

ശുപാർശ (ഖണ്ഡിക നമ്പർ 6)

പ്രായോഗികമായ വാണിജ്യപദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്കും ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള സഹകരണ

സ്ഥാപനങ്ങൾക്കും ധനസഹായം നൽകുവാൻ ഉദ്ദേശിച്ച് വകയിരുത്തിയിട്ടുള്ള 2.50 കോടി രൂപ മതിയാകുകയില്ലായെന്നതിനാൽ 3.50 കോടി രൂപകൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2013-14 വർഷം ഈ പദ്ധതിക്കായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2425-00-108-47—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം

ശുപാർശ (ഖണ്ഡിക നമ്പർ 7)

CAPE-ന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും വടക്കാഞ്ചേരിയിലെ അത്താണിയിലും ഓരോ പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ അതിനുവേണ്ടി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 5 കോടി രൂപ പ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2012-13 വർഷത്തിലും നടപ്പു സാമ്പത്തികവർഷവും ബഡ്ജറ്റിൽ ഈ ആവശ്യത്തിനു തുക വകയിരുത്തിയിട്ടില്ല. 1,000 രൂപ ടോക്കൺ പ്രൊവിഷനായി 2012-13 വർഷത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു.

**പദ്ധതിയേതരയിനം**

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി

ശുപാർശ (ഖണ്ഡിക നമ്പർ 8)

കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നൽകുന്ന പലിശ ഇളവ് പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ശീർഷകം പുനഃസ്ഥാപിക്കണമെന്നും ആ ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതിയിലേക്കായി 10 കോടി രൂപ വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2012-13-ലെ ഉപധനാഭ്യർത്ഥനയിൽ 2 കോടി രൂപ അനുവദിച്ചിരുന്നു.

2425-00-108-47-36—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം

ശുപാർശ (ഖണ്ഡിക നമ്പർ 9)

സഹകരണ അക്കാഡമിക്ക് സർക്കാർ ഗ്രാന്റ് നൽകുന്നതിനുള്ള വ്യവസ്ഥയനുസരിച്ച് നൽകാനുള്ള 40.06 കോടി രൂപയിൽ 2012-2013 സാമ്പത്തിക വർഷത്തിൽ 2425-00-108-47-31 എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ അനുവദിച്ച 2.10 കോടി രൂപ കിഴിച്ച് ബാക്കി 37.96 കോടി രൂപ 2425-00-108-47-36 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ധനലഭ്യതയുടെ അപര്യാപ്തതമൂലം 2012-13-ൽ സഹകരണ അക്കാഡമിക്ക് സർക്കാർ ഗ്രാന്റ് നൽകുവാൻ വേണ്ടി തുകയൊന്നും അനുവദിച്ചിരുന്നില്ല. നടപ്പ് സാമ്പത്തികവർഷവും (2013-14) തുക അനുവദിച്ചിട്ടില്ല.

2425-00-108-80—ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം

ശുപാർശ (ഖണ്ഡിക നമ്പർ 10)

ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സബ്സിഡി ഇനത്തിൽ 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ഉത്സവച്ചന്തകൾ സംഘടിപ്പിച്ച വകയിൽ 208 കോടി രൂപ ഫെഡറേഷന് ഇനിയും നൽകാനുള്ളതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഉത്സവകാല വിപണികൾവഴി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിപണനം നടത്തിയതുവഴി ഉണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിന് 2425-108-80-33—(നോൺ-പ്ലാൻ) ശീർഷകത്തിൽ 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. വിവിധ ഉത്സവകാല വിപണികൾ നടത്തിയതിൽ ഫെഡറേഷന് ഉണ്ടായ നഷ്ടം നികത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്ക് പുറമേ അഡീഷണൽ ഓതറൈസേഷൻ വഴി 2012-13 വർഷം 65 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

2408-01-101-98-33—റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം ഫുഡ് കോർപ്പറേഷന് മടക്കിക്കൊടുക്കൽ

ശുപാർശ (ഖണ്ഡിക നമ്പർ 13)

സംസ്ഥാന സർക്കാർ സബ്സിഡി നൽകി റേഷൻ വിതരണംചെയ്യുമ്പോൾ ഉണ്ടാകുന്ന ചെലവ് വഹിക്കുന്നതിനാണ് 55,000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. എന്നാൽ റേഷൻ കാർഡുടമകൾക്ക് കുറഞ്ഞനിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതികൾക്കും റേഷൻ മൊത്ത/ചില്ലറ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനും മറ്റുമുള്ള ചെലവുകൾക്ക് കൂടുതൽ തുക ആവശ്യമാണെന്നതിനാൽ 231.91 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2408-01-101-98-33 റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ വ്യത്യാസം ഫുഡ് കോർപ്പറേഷന് മടക്കിക്കൊടുക്കൽ എന്ന ശീർഷകത്തിൽ 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതം 550 കോടി രൂപയാണ്. ഈ തുക അപര്യാപ്തമാണെന്ന് കണ്ടതിനാൽ 142.43 കോടി രൂപ ഉപധനാഭ്യർത്ഥന മുഖേന ലഭ്യമാക്കാൻ അഭ്യർത്ഥിച്ചുവെങ്കിലും 90 കോടി രൂപയാണ് അനുവദിച്ചത്.

4408-01-101-99—ധാന്യ വിതരണ പദ്ധതി

ശുപാർശ (ഖണ്ഡിക നമ്പർ 16)

സംസ്ഥാനത്തെ താലൂക്ക് സപ്ലൈ ആഫീസുകൾ, സിറ്റി റേഷനിംഗ് ആഫീസുകൾ എന്നിവയിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രപ്പടി, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും താലൂക്ക് സപ്ലൈ ആഫീസുകളിൽ കമ്പ്യൂട്ടറുകൾക്ക് എ.എം.സി. ഏർപ്പെടുത്തിയ വകയിൽ കുടിശ്ശിക നൽകാനുള്ളതിനാൽ അതിനായി 14 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

'4408-01-101-05-4—ആഫീസ് ചെലവുകൾ' എന്ന ശീർഷകത്തിൽ നിന്നാണ് കമ്പ്യൂട്ടറുകൾക്ക് എ.എം.സി. ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് തുക ചെലവ് ചെയ്യുന്നത്. ഈ ശീർഷകത്തിൽ 27,01,000 രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. ആയത് അപര്യാപ്തമായിക്കണ്ട സാഹചര്യത്തിൽ ശീർഷകത്തിലേക്ക് 3-1-2013-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 91/13/ധനകാര്യം പ്രകാരം 5 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ വഴി ലഭ്യമാക്കുകയുണ്ടായി.

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

ശുപാർശ (ഖണ്ഡിക നമ്പർ 17)

റേഷൻ കാർഡ് പുതുക്കിനൽകിയതിന് സി-ഡിറ്റിന് കുടിശ്ശിക നൽകാനുണ്ടെന്നും പുതുക്കിയ കാർഡ് വിതരണംചെയ്യുന്ന വകയിൽ ഏകദേശം 2.5 കോടി രൂപ ഇനിയും നൽകേണ്ടതായി വരുമെന്നും സമിതി മനസ്സിലാക്കുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയ്ക്ക് പുറമേ 5 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശീർഷകത്തിൽ 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതം 50 ലക്ഷം രൂപയായിരുന്നു. ആയത് മുഴുവൻ സി-ഡിറ്റിന് നൽകിക്കഴിഞ്ഞതിനുശേഷം ഉപധനാഭ്യർത്ഥനവഴി 4.48 കോടി രൂപ ആവശ്യപ്പെടുകയും ഒന്നരക്കോടി രൂപ ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖാന്തിരം ലഭ്യമാക്കുകയും ആയത് മുഴുവൻ സി-ഡിറ്റിനു നൽകുകയും ചെയ്തു. കൂടാതെ, 30-3-2013-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 2616/13/ധനകാര്യം പ്രകാരം റീ-അപ്രോപ്രിയേഷൻ മുഖാന്തിരം 54,000 രൂപ കൂടി ടി ശീർഷകത്തിൽ ലഭ്യമാക്കുകയും അപ്രകാരം ആകെ 2,00,54,000 രൂപ സി-ഡിറ്റിനു നൽകുകയും ചെയ്തിട്ടുണ്ട്.

2408-01-800-95—വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷണ സുരക്ഷ പദ്ധതി

ശുപാർശ (ഖണ്ഡിക നമ്പർ 18)

മറ്റ് പെൻഷൻ കിട്ടാത്ത, 65 വയസ്സിനുമേൽ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. മറ്റ് പെൻഷൻ ഉണ്ടാകരുത് എന്ന വ്യവസ്ഥ കാരണം അർഹരായ പലർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത സാഹചര്യമാണ്. ആയതിനാൽ മറ്റു പെൻഷൻ ലഭിക്കാത്തവർക്ക് മാത്രമാണ് ഈ പദ്ധതിക്ക് അർഹത എന്ന വ്യവസ്ഥ ഒഴിവാക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാൻ സംസ്ഥാന സർക്കാരിനോട് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മറ്റ് പെൻഷൻ ലഭിക്കാത്തവർക്ക് മാത്രമാണ് അന്നപൂർണ്ണപദ്ധതിക്ക് അർഹത എന്ന മാനദണ്ഡത്തിൽ മാറ്റംവരുത്തണമെന്നും, പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രായപരിധി 60 വയസ്സായി കുറയ്ക്കണമെന്നും 2-11-2012-ലെ 9544/ഡി$_1$/2012/ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ആയതിന് കേന്ദ്ര സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ വിശദാംശം താഴെപ്പറയുന്നു:

ദേശീയ വയോജന പെൻഷൻ പദ്ധതിയിൽ ഉൾപ്പെടാൻ അർഹതയുണ്ടായിട്ടും ഉൾപ്പെടാതെപോയ അർഹരായ വയോജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ നൽകുക എന്ന ലക്ഷ്യത്തോടെയാണ് 1-4-2000-ൽ അന്നപൂർണ്ണ പദ്ധതി കേന്ദ്രസർക്കാർ ആരംഭിച്ചത്. ദേശീയ വയോജനപെൻഷന് അർഹതയുള്ളവരുടെ 20%-നു മാത്രമാണ് ടി പെൻഷൻ പദ്ധതിയുടെ പ്രയോജനം ലഭിച്ചത്. രാജ്യത്തൊട്ടാകെ 13.76 ലക്ഷം പേരെ അന്നപൂർണ്ണ ഗുണഭോക്താക്കളായി പരിധി നിശ്ചയിച്ചിരുന്നതിൽ കേരളത്തിൽ നിന്നുള്ള 44980 പേരും ഉൾപ്പെട്ടിരുന്നു.

65 വയസ്സും അതിനുമുകളിലും പ്രായമുള്ളവർക്കെല്ലാം ദേശീയ വയോജന പെൻഷൻ ലഭിക്കത്തക്കവിധം ടി പെൻഷൻപദ്ധതിയുടെ അർഹതാമാനദണ്ഡം 2007-ൽ കേന്ദ്രസർക്കാർ പരിഷ്കരിക്കുകയും ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതി എന്ന് ഈ പദ്ധതിയെ പുനർനാമകരണം ചെയ്യുകയും ചെയ്തു. അതിനെത്തുടർന്ന് 2011-ൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ പ്രായപരിധി 65-ൽ നിന്നും 60 ആക്കി കുറയ്ക്കുകയും 80 വയസ്സിനും അതിന് മുകളിലും പ്രായമുള്ളവരുടെ പെൻഷൻ തുക 500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തു.

ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതി നിലവിൽവന്നതിനു ശേഷവും അന്നപൂർണ്ണ പദ്ധതി നിലനിർത്തിയത് 2004 ഏപ്രിൽ 27-ലെ WP (C) 196/2001-ലെ സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കളെ ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാക്കി മാറ്റുക എന്ന ഭേദഗതി നിർദ്ദേശത്തോടെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സുപ്രീം കോടതിയിൽ ഇടക്കാല ഹർജി (I.A. 84/2008) സമർപ്പിച്ചുവെങ്കിലും അതിന്മേൽ സുപ്രീം കോടതിയുടെ വിധി നാളിതുവരെ വന്നിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ അന്നപൂർണ്ണ പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡത്തിൽ മാറ്റംവരുത്തുവാൻ സാധ്യമല്ല. എന്നിരുന്നാലും കൂടുതൽ അർഹരായ ഗുണഭോക്താക്കളെ ബി.പി.എൽ. മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികളെപ്പറ്റി സംസ്ഥാനത്തിന് പരിഗണിക്കാമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിരിക്കുന്നത്. ഈ നിർദ്ദേശത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## പുതിയ പദ്ധതികൾ

### ശുപാർശ (ഖണ്ഡിക നമ്പർ 21)

പൊതുവിതരണ സമ്പ്രദായംവഴി വിതരണംചെയ്യേണ്ട ഭക്ഷ്യസാധനങ്ങൾ പൊതുവിപണിയിലേക്ക് കടത്തിക്കൊണ്ടുപോകുന്നതും ദുരുപയോഗം ചെയ്യുന്നതും തടയുന്നതിനായി ഗ്ലോബൽ പൊസിഷനിംഗ് സംവിധാനം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം എന്നിവ സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിനുദ്ദേശിച്ചുള്ള പുതിയ പദ്ധതിക്ക് ചെലവാകുമെന്ന് പ്രതീക്ഷിക്കുന്ന 4 കോടി രൂപയിൽ ഒരു കോടിരൂപ അനുവദിക്കുന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ അറിയിച്ചിട്ടുണ്ട്. ബാക്കിത്തുകയായ 3 കോടിരൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്ക് ഒന്നാംവട്ട ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷനായി ആയിരം രൂപമാത്രം മാറ്റിവയ്ക്കുകയുണ്ടായി. എന്നാൽ, പൊതുവിതരണ സമ്പ്രദായമാകെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി 'എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ' പദ്ധതി നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നതിനാലും ജി.പി.എസ്. സംവിധാനം നടപ്പിലാക്കണമെന്ന വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ലാത്തതിനാലും കൂടുതൽ തുക ആവശ്യപ്പെട്ടിട്ടില്ല.

<u>ശുപാർശ (ഖണ്ഡിക നമ്പർ 22)</u>

റേഷൻ സാധനങ്ങളുടെ തിരിമറി തടയുന്നതിനും റേഷൻ യഥാർത്ഥ കാർഡുടമയ്ക്ക് ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനുമായി ബയോമെട്രിക്, ഇ-പി.ഡി.എസ്, സ്മാർട്ട് കാർഡ് തുടങ്ങിയവവഴി സംയോജിത പൊതുവിതരണ സമ്പ്രദായം ആവിഷ്ക്കരിക്കുന്നതിന് വകുപ്പിൽ 'എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ' നടപ്പിലാക്കേണ്ടതുണ്ട്. രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് 2012-13 സാമ്പത്തികവർഷം ആവശ്യമായിവരുന്ന 93.60 കോടി രൂപ അനുവദിച്ചുനൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

'എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ' നടപ്പിലാക്കുന്നതിനായി വിശദമായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ ഘടനയിലും മൊത്തം എസ്റ്റിമേറ്റിലും വന്ന വ്യത്യാസംകാരണം 2012-13 വർഷത്തിൽ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതിനാൽ പദ്ധതിക്ക് തുക അുവദിക്കേണ്ടതായി വന്നില്ല.

<u>ഭാഗം II</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച മറുപടികൾ ലഭിച്ചിട്ടില്ലാത്ത ശുപാർശകളുടെ വിവരം താഴെ ചേർത്തിരിക്കുന്നു :

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

## **ലീഗൽ മെട്രോളജി വകുപ്പ്**

<u>ശുപാർശ നമ്പർ 11, 12</u>

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

<u>ശുപാർശ നമ്പർ 14, 15, 19, 20, 23, 24</u>

**സമിതിയുടെ നിഗമനങ്ങളും ശുപാർശകളും**

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വകുപ്പുകൾ നൽകിയ ധനാഭ്യർത്ഥനകൾ പരിശോധിച്ച് സമിതി നടത്തിയ ശുപാർശ കളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ചതിൽനിന്നും ആവശ്യപ്പെട്ട അധിക തുക മുഴുവൻ അനുവദിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആവശ്യമായ തുക അനുവദിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ പ്രസ്തുത ശീർഷകങ്ങളിൽ അടുത്ത സാമ്പത്തികവർഷം കൂടുതൽ തുക വകയിരുത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ ധനാഭ്യർത്ഥന നമ്പർ XXVII, XXVIII, XXX എന്നിവയുമായി ബന്ധപ്പെട്ട് ആകെ 24 ശുപാർശകൾ നൽകിയിരുന്നു. ഇതിൽ സഹകരണം സംബന്ധിച്ച എല്ലാ ശുപാർശകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം എന്നത് സംബന്ധിച്ച 6 ശുപാർശകളിന്മേലുള്ള മറുപടി ലഭിച്ചിട്ടുണ്ട്. XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ (ലീഗൽ മെട്രോളജി) എന്നതുമായി ബന്ധപ്പെട്ട് 2 ശുപാർശകൾ ഉണ്ടായിരുന്നെങ്കിലും അവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ഒന്നുപോലും ഇതുവരെയും ലഭ്യമാക്കിയിട്ടില്ല എന്നും ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം എന്നത് സംബന്ധിച്ച് 6 നടപടി സ്റ്റേറ്റ്മെന്റുകൾ ഇനിയും ലഭിക്കുവാനുണ്ട് എന്നും സമിതി മനസ്സിലാക്കുന്നു. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ല എന്നത് സമിതി ഗൗരവത്തോടെ കാണുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം 'ഓരോ സാമ്പത്തികവർഷത്തേക്കുമുള്ള ധനാഭ്യർത്ഥനകളുടെ പരിശോധനയെ സംബന്ധിച്ച കമ്മിറ്റിയുടെ ശുപാർശകളിന്മേൽ സർക്കാർ എടുത്ത നടപടിയുടെ റിപ്പോർട്ട് ഓരോ സബ്ജക്ട് കമ്മിറ്റിയുടെയും അദ്ധ്യക്ഷൻമാർ ആ സാമ്പത്തികവർഷം കഴിഞ്ഞ ഉടനെയോ സാമ്പത്തികവർഷം അവസാനിച്ചതിനുശേഷം ഉടനെയുള്ള നിയമസഭാ സമ്മേളനത്തിലോ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും സർക്കാർ വകുപ്പ് നടപടി സ്റ്റേറ്റ്മെന്റ് കമ്മിറ്റിക്ക് നൽകാതിരിക്കുന്നപക്ഷം ആയതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രി റിപ്പോർട്ട് സമർപ്പിച്ച് പതിനഞ്ച് ദിവസത്തിനുള്ളിലോ അടുത്ത നിയമസഭാ സമ്മേളനത്തിന്റെ ആരംഭത്തിലോ ഇതിൽ ഏതാണോ ആദ്യംവരുന്നത് അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്'.

ആയതിനാൽ 2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിൽ, യഥാസമയം നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തവ സംബന്ധിച്ച്, അവ ലഭ്യമാക്കാത്തതിന്റെ കാരണം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ചട്ടം 236(5) പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

അനൂപ് ജേക്കബ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XI.*

തിരുവനന്തപുരം,
2013 ജൂലൈ 8.

...................